(ഡി) ഉപസംവരണം പുനഃസ്ഥാപിച്ച് നടപ്പിലാക്കുന്നതിനു വേണ്ടി കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന ഒ.പി.3794/95-ന്റെ വിധി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) സാമൂഹ്യനീതിയും അവസരസമത്വവും പ്രാവർത്തികമാക്കുവാനായി ഉപസംവരണം പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ). ഉണ്ട്.

(ബി) ഉണ്ട്.

(സി) പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ഇടയിൽ ഉദ്യോഗ നിയമനങ്ങളിലുള്ള അസന്തുലിതാവസ്ഥയെക്കുറിച്ചുള്ള ഒരു താരതമ്യപഠനം കീർത്താഡ്സ് നടത്തിവരികയാണ്. ഡോ. ബാബു വിജയനാഥ് കമ്മീഷന്റെ റിപ്പോർട്ട് സമർപ്പിച്ചതിനു ശേഷമുള്ള സ്ഥിതി കൂടി കണക്കിലെടുത്താണ് ഈ പഠനം നടത്തിവരുന്നത്.

(ഡി) ഉണ്ട്.

(ഇ) കീർത്താഡ്സ് ഈ വിഷയത്തിൽ നടത്തുന്ന പഠന റിപ്പോർട്ട് ലഭിച്ചശേഷം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

48 മുതൽ 51 വരെയുള്ള ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

43(52) അതിഥി സൽക്കാരത്തിന് ചെലവഴിച്ച തുക

ശ്രീ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ഉൾപ്പെടെ ഓരോ മന്ത്രിയും അതിഥി സൽക്കാരത്തിന് എന്തു തുക വീതം ചെലവഴിച്ചിട്ടുണ്ട്;

(ബി) ഈ ഗവൺമെന്റ് ക്യാബിനറ്റ് യോഗങ്ങളിൽ ലഘുഭക്ഷണം നൽകിയ വകയിൽ എന്ത് ചെലവ് വേണ്ടി വന്നിട്ടുണ്ട്?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) 60,176/- രൂപ.

44(53) നിയമസഭയിലേക്ക് നടന്ന പൊതു തെരഞ്ഞെടുപ്പ്

ശ്രീ. ആര്യാടൻ മുഹമ്മദ് :

ശ്രീ. പി.പി. തങ്കച്ചൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

---

* അനുബന്ധം XVI

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാന നിയമസഭയിലേക്കുള്ള അടുത്ത പൊതു തെരഞ്ഞെടുപ്പ് എന്ന് നടക്കുമെന്ന് പ്രതീക്ഷിക്കപ്പെടുന്നു;

(ബി) നിയമസഭയിലേക്ക് നടന്നുകഴിഞ്ഞ പൊതു തെരഞ്ഞെടുപ്പിൽ എത്ര ബൂത്തുകൾ പ്രശ്നബൂത്തുകളായി കരുതപ്പെട്ടിരുന്നു;

(സി) അവിടെയെല്ലാം എന്തെല്ലാം പ്രശ്നങ്ങളാണ് ഉണ്ടായത്;

(ഡി) വരുന്ന പൊതുതെരഞ്ഞെടുപ്പിൽ എത്ര പ്രശ്ന ബൂത്തുകൾ ഉണ്ടാവുമെന്ന് പ്രതീക്ഷിക്കുന്നു;

(ഇ) ഈ സ്ഥലങ്ങളിൽ പൊതുജനങ്ങൾക്ക് നിർഭയമായി വന്ന് വോട്ടുരേഖപ്പെടുത്തുവാൻ എന്തെല്ലാം നടപടികളെടുക്കുമെന്ന് വ്യക്തമാക്കാമോ;

(എഫ്) നിയമസഭയിലേയ്ക്കുള്ള വരുന്ന തെരഞ്ഞെടുപ്പിൽ കള്ള വോട്ടു തടയുവാൻ എന്തെല്ലാം നടപടികൾ ഉറപ്പാക്കാനുദ്ദേശിക്കുന്നു?

ഉത്തരം

(എ) ഇക്കാര്യം കേന്ദ്രതെരഞ്ഞെടുപ്പ് കമ്മീഷനാണ് തീരുമാനിക്കേണ്ടത്. കമ്മീഷനിൽ നിന്നും തീരുമാനം അറിവായിട്ടില്ല.

(ബി) 1963 ബൂത്തുകൾ.

(സി) പല സ്ഥലങ്ങളിലും ബൂത്തുകളുടെ മുന്നിൽ വെച്ച് എൽ.ഡി.എഫ്. യു.ഡി.എഫ്. പ്രവർത്തകർ തമ്മിൽ സംഘട്ടനം നടക്കുകയുണ്ടായി. ചില സ്ഥലങ്ങളിൽ മറ്റ് അനിഷ്ട സംഭവങ്ങളും ഉണ്ടായിട്ടുണ്ട്.

(ഡി) ഇത് പൊതു തെരഞ്ഞെടുപ്പ് പ്രഖ്യാപനത്തിന് ശേഷമേ കണക്കാക്കാനാവൂ.

(ഇ) പ്രശ്നബൂത്തുകളിൽ പൊതുജനങ്ങൾക്ക് നിർഭയരായി, വന്ന് വോട്ടു ചെയ്യുവാൻ :

1. മതിയായ പോലീസ് സുരക്ഷാസംവിധാനം ഏർപ്പെടുത്തും.

2. പോളിംഗ് ബൂത്തുകൾക്ക് 100 മീറ്ററിനുള്ളിൽ വോട്ടറൻമാരല്ലാത്തവർക്ക് പ്രവേശനം അനുവദിക്കുന്നതല്ല.

3. ജനപ്രാതിനിധ്യനിയമമനുസരിച്ച് പോളിംഗ് സ്റ്റേഷൻ പരിസരത്ത് കർശനമായ മറ്റ് നിയന്ത്രണങ്ങൾ ഏർപ്പെടുത്തും.

(എഫ്) വരുന്ന നിയമസഭാതെരഞ്ഞെടുപ്പിൽ വോട്ടു ചെയ്യുന്നതിന് തിരിച്ചറിയൽ കാർഡ് നിർബന്ധമാക്കുവാൻ കേന്ദ്രതെരഞ്ഞെടുപ്പ് കമ്മീഷൻ ഉദ്ദേശിക്കുന്നതായി അറിയുന്നു. മരിച്ചവരുടെയും സ്ഥലം മാറിപ്പോയവരുടേയും പേരുകൾ നിലവിലുള്ള വോട്ടർപട്ടികയിൽ നിന്നും നീക്കം ചെയ്യുവാൻ സത്വരനടപടികൾ എടുത്തുവരികയാണ്.

45(54) ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ്

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly